ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.12.2024**

## പ്രധാനവാർത്തകൾ

1). മലയാളത്തിന്റെ പ്രിയ എം.ടി ഇനി ദീപ്ത സ്മരണ. സംസ്കാര ചടങ്ങുകൾ മാവൂർ റോഡ് ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു.

2). പ്രിയ കഥാകാരന് അന്തിമോപചാരം അർപ്പിക്കാനെത്തി ആയിരങ്ങൾ. രാഷ്ട്രപതിയും, പ്രധാനമന്ത്രിയും അനുശോചനം രേഖപ്പെടുത്തി.

3). പരമാധികാരവും, അഖണ്ഡതയും സംബന്ധിച്ച മൂല്യബോധം ഇന്ത്യൻ ഭരണഘടന ജനങ്ങൾക്ക് പകർന്നു നൽകുന്നതായി വീർബാൽ ദിവസ് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

4) 2024 ലോക്സഭ തിരഞ്ഞെടുപ്പിന്റെ സമഗ്ര റിപ്പോർട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.

5). ശബരിമലയിൽ മണ്ഡലകാല തീർഥാടനം പൂർത്തിയാകാൻ മണിക്കൂറുകൾ മാത്രം ബാക്കി. മണ്ഡലപൂജ സന്നിധാനത്ത് ഇന്ന് നടന്നു.

6) 78-ാം മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം നാളെ ജമ്മു കശ്മീരിനെ നേരിടും.

RNU TVPM

********************************************************************************

**എംടി സംസ്കാരം**

മലയാളത്തിൻറെ പ്രിയ എം.ടി ഇനി ദീപ്ത സ്മരണ. സംസ്കാരച്ചടങ്ങുകൾ കോഴിക്കോട് മാവൂർ റോഡ് സ്മൃതിപഥം ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. സമൂഹത്തിലെ നാനാതുറയിൽ നിന്നുള്ള ആയിരക്കണക്കിനാളുകൾ കോഴിക്കോടെ വസതിയിൽ എം.ടി വാസുദേവൻ നായർക്ക് അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, എം മുകുന്ദൻ, സാറാ ജോസഫ്, മോഹൻലാൽ, ഹരിഹരൻ തുടങ്ങി ചലച്ചിത്ര, സാഹിത്യ, സാംസ്കാരിക മേഖലകളിൽ നിന്നുള്ള നിരവധിപ്പേർ അദ്ദേഹത്തിന് ആദരം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയ പ്രമുഖ നേതാക്കൾ എംടിയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. കോഴിക്കോടെ വസതിയിൽ നിന്നും, സ്മൃതിപഥത്തിലേക്കുള്ള യാത്രയിൽ പ്രിയപ്പെട്ട സാഹിത്യകാരനെ ഒരുനോക്ക് കാണാൻ വഴിയരികിൽ ഉടനീളം ജനങ്ങൾ കാത്തുനിന്നിരുന്നു. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെ കോഴിക്കോട്ടെ ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. എംടിയോടുള്ള ആദര സൂചകമായി സംസ്ഥാനത്ത് രണ്ട് ദിവസത്തെ ഔദ്യോഗിക ദുഖാചരണം പ്രഖ്യാപിച്ചിരിക്കുകയാണ്.

********************************************************************************

**എംടി – (ഇൻട്രോ)**

മലയാളത്തെ ലോക സാഹിത്യ ഭൂപടത്തിൽ അടയാളപ്പെടുത്തിയ അതുല്യ പ്രതിഭ വിട പറയുമ്പോൾ സാസ്കാരിക കേരളത്തിന് അത് നികത്താനാകാത്ത നഷ്ടമായി മാറുകയാണ്. കേരളം കഴിഞ്ഞ നൂറ്റാണ്ടിൽ സാക്ഷ്യം വഹിച്ച സാമൂഹിക മാറ്റങ്ങളുടെയും, ജീവിത ഘടനയുടെയും പ്രതിഫലനമായിരുന്നു

RNUTVPM

എം.ടി യുടെ കഥാപാത്രങ്ങൾ. എഴുത്തുകാരൻ, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലൂടെ അദ്ദേഹം തൻറെ പ്രതിഭ ലോകത്തിന് മുന്നിൽ പകർന്നു. കഥാപാത്രങ്ങളുടെ ആന്തരിക വ്യാപാരങ്ങളിലേക്ക് കടന്നു ചെല്ലുന്ന എഴുത്ത് രീതിയായിരുന്നു എം.ടി യുടെ രചനകളെ എക്കാലവും വ്യത്യസ്തമാക്കിത്തീർത്തത്.

## എം. ടിയുടെ വാക്കുകളിലേക്ക്....
## (ഹോൾഡ്)

നാലുകെട്ട്, രണ്ടാമൂഴം, അസുരവിത്ത്, കാലം, മഞ്ഞ് തുടങ്ങി മലയാളിയ്ക്ക് എക്കാലവും പ്രിയപ്പെട്ട എംടിയുടെ കൃതികൾ ആധുനിക രചനാ രീതിയുടെ സാധ്യതകൾ വായനക്കാർക്ക് മുന്നിൽ തുറന്നു നൽകുകയായിരുന്നു. മുറപ്പെണ്ണിൽ തുടങ്ങി ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, ആരണ്യകം, പഞ്ചാഗ്നി, സുകൃതം, പരിണയം എന്നിങ്ങനെ അൻപതിലേറെ ചിത്രങ്ങൾക്ക് അദ്ദേഹം തിരക്കഥ രചിച്ചു. നിർമാല്യം, കടവ് തുടങ്ങി ആറോളം ചിത്രങ്ങളുടെ സംവിധാനവും അദ്ദേഹം നിർവഹിച്ചു. പത്മഭൂഷൺ, കേരളജ്യോതി, ജ്ഞാനപീഠ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, വയലാർ അവാർഡ് എന്നിങ്ങനെ ഒട്ടുമിക്ക അംഗീകാരങ്ങളും എംടിയെ തേടിയെത്തി. മലയാളികളുടെ മനസ്സിൽ ചിരകാലം തുടരുന്ന വാക്കുകളുടെ വിസ്മയലോകം അവശേഷിപ്പിച്ചാണ് 91 ആം വയസ്സിൽ എം.ടി വിടവാങ്ങുന്നത്.

RNUTVPM

**********************************************************************************

## പ്രധാനമന്ത്രി - വീർബാൽ ദിവസ്

രാജ്യത്തിനും ദേശീയ താത്പര്യങ്ങൾക്കുമാണ് ഏത് ദുർഘട ഘട്ടങ്ങളിലും പ്രഥമ പരിഗണന നൽകേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പരമാധികാരവും, അഖണ്ഡതയും സംബന്ധിച്ച മൂല്യബോധം ഇന്ത്യൻ ഭരണഘടന രാജ്യത്തെ ജനങ്ങൾക്ക് പകർന്നു നൽകുന്നതായും അദ്ദേഹം പറഞ്ഞു.

വീർ ബാൽ ദിവസ് പരിപാടിയെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. യുവശക്തി ചരിത്രത്തിലുടനീളം ഇന്ത്യയുടെ പുരോഗതിയിൽ നിർണായക പങ്കുവഹിച്ചതായും അദ്ദേഹം പറഞ്ഞു. സിഖ് ഗുരു ഗോബിന്ദ് സിംഗിൻറെ പുത്രന്മാരുടെ സമാനതകളില്ലാത്ത ധീരതയെയും ത്യാഗത്തെയും വീർബാൽ ദിവസിൽ പ്രധാനമന്ത്രി അനുസ്മരിച്ചു. സുപോഷിത് ഗ്രാം പഞ്ചായത്ത് അഭിയാൻറെ ഉദ്ഘാടനവും ശ്രീ മോദി ചടങ്ങിൽ നിർവഹിച്ചു. പൊതുജന പങ്കാളിത്തത്തിലൂടെ പോഷക സേവനങ്ങൾ ഉറപ്പുവരുത്തുകയാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

**************************************************************************************

**കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ**

2024 ലോക്സഭ തിരഞ്ഞെടുപ്പിൻറെ സമഗ്ര റിപ്പോർട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.
64.64 കോടി വോട്ടുകൾ രേഖപ്പെടുത്തിയ തിരഞ്ഞെടുപ്പിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾ സമ്മതിദാന അവകാശം വിനിയോഗിച്ചതായി റിപ്പോർട്ടിൽ പറയുന്നു. 65.78 ശതമാനമാണ് വോട്ടെടുപ്പിലെ സ്ത്രീ പങ്കാളിത്തം. വോട്ടെടുപ്പിൽ ഭിന്നലിംഗ സമ്മതിദായകരുടെ പങ്കാളിത്തം 23.5 ശതമാനമായി വർധിച്ചിട്ടുണ്ട്.

PNU TVPM

**************************************************************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************************************************************

**ശബരിമല, തീർത്ഥാടകർ- (ഇൻട്രോ)**

ഈ വർഷത്തെ മണ്ഡലകാല തീർഥാടനം അവസാനിക്കാൻ ഇനി മണിക്കൂറുകൾ മാത്രം ബാക്കി. മണ്ഡലപൂജ സന്നിധാനത്ത് ഇന്ന് നടന്നു. 32 ലക്ഷത്തിലധികം തീർഥാടകരാണ് മണ്ഡലകാലത്ത് ഇതിനകം ശബരിമലയിലെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്.........)**

*******************************************************************************

**വി.എൻ വാസവൻ-മകരവിളക്ക്**

സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും സന്നദ്ധ സംഘടകളും സംയുക്തമായി നടത്തിയ മൂന്നാരുക്കങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഫലമാണ് പരാതി രഹിതമായ മണ്ഡല തീർഥാടനകാലമെന്ന് ദേവസ്വം മന്ത്രി വി.എൻ. വാസവൻ. ഒരു ലക്ഷത്തിലേറെ തീർഥാടകർ എത്തിയ ദിവസമുണ്ടായിട്ടും ഒരാൾ പോലും ദർശനം കിട്ടാതെ മടങ്ങേണ്ടി വന്ന സാഹചര്യമുണ്ടായിട്ടില്ലെന്നും മണ്ഡലപൂജയുടെ ക്രമീകരണങ്ങളും മകരവിളക്ക് ഒരുക്കങ്ങളും വിലയിരുത്തിയ ശേഷം അദ്ദേഹം ശബരിമല സന്നിധാനത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു. പതിനെട്ടാം പടിയിൽ ഒരു മിനിട്ടിൽ 85 മുതൽ 90 പേർ വരെ കയറുന്ന സാഹചര്യം സൃഷ്ടിക്കാനായത് ദർശനം സുഗമാക്കാൻ സഹായിച്ചതായും മന്ത്രി പറഞ്ഞു.

*******************************************************************************

**സ്പെഷ്യൽ ട്രെയിനുകൾ**

എട്ടോളം ശബരി സ്പെഷ്യൽ ട്രെയിനുകൾ വേണ്ടത്ര യാത്രക്കാർ ഇല്ലാത്തതിനെ തുടർന്ന് റദ്ദാക്കിയതായി സൗത്ത് സെൻട്രൽ റെയിൽവേ അറിയിച്ചു. അതേസമയം ക്രിസ്തുമസ് അവധിയോടനുബന്ധിച്ചുള്ള യാത്രക്കാരുടെ അധിക തിരക്ക് പരിഗണിച്ച് നാളെയും, മറ്റന്നാളുമായി ബെംഗളൂരുവിൽ നിന്നും കൊച്ചുവേളിയിലേക്കും തിരിച്ചും പ്രത്യേക ട്രെയിനുകൾ റെയിൽവേ ഏർപ്പെടുത്തി.

*******************************************************************************

RNU TVPM

**<u>ഇടുക്കി - (ഇൻട്രോ)</u>**

ക്രിസ്റ്റുമസ്, പുതുവത്സര അവധി ദിനങ്ങളോടനുബന്ധിച്ച് മൂന്നാറിലേക്ക് സഞ്ചാരികളുടെ വൻ പ്രവാഹം. ദേശീയ പാതകളടക്കം മൂന്നാറിലേക്കുള്ള എല്ലാ റോഡുകളും സന്ദർശകരുടെ വാഹനങ്ങൾകൊണ്ട് നിറഞ്ഞ അവസ്ഥയിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**(വോയിസ്........)**

********************************************************************************

**<u>പി.എ മുഹമ്മദ് റിയാസ് -വസന്തോത്സവം</u>**

പുഷ്പങ്ങളുടെയും ദീപാലങ്കാരങ്ങളുടെയും വർണ്ണക്കാഴ്ചയൊരുക്കി പുതുവർഷത്തെ വരവേൽക്കാൻ ടൂറിസം വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിക്കുന്ന 'വസന്തോത്സവ'ത്തിന് മികച്ച പ്രതികരണം. അപൂർവ്വമായ പുഷ്പങ്ങൾ അടക്കം നയനമനോഹരമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നത് വസന്തോത്സവത്തെ ആകർഷകമാക്കുന്നു. ലണ്ടനിലെ ക്രിസ്മസിനെ ഓർമിപ്പിക്കും വിധം യൂറോപ്യൻ സ്ട്രീറ്റ്, കുട്ടികൾക്കായി സിൻഡ്രല്ല, പോളാർ ബിയർ തുടങ്ങിയവ ലൈറ്റ് ഷോയുടെ മാറ്റുകൂട്ടുന്നു. ഭക്ഷ്യമേള, വ്യാപാരമേള, കലാപരിപാടികൾ എന്നിവയും വസന്തോത്സവത്തിൻറെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

RNU TVPM

********************************************************************************

**<u>വികസിത് ഭാരത് -മൂന്നാം ഘട്ടം</u>**

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ മൂന്നാം ഘട്ടം നാളെ തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസ് കോംബൗണ്ടിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻറ് ട്രാവൽ സ്റ്റഡീസിൽ നടക്കും. കേരളത്തിൽ നിന്നുള്ള 250 പേരാണ് മൂന്നാം

ഘട്ട മത്സരങ്ങളിൽ പങ്കെടുക്കുക. വിജയികളാവുന്നവർ ജനുവരി 11,12 തീയതികളിൽ ന്യൂ ഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദേശീയ മത്സരത്തിൽ പങ്കെടുക്കും. കേരളത്തിൽ നിന്ന് 45 പേരാണ് 10 വിഷയങ്ങളിൽ വികസിത ഭാരതത്തെ കുറിച്ചുള്ള തങ്ങളുടെ ആശയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മുൻപിൽ അവതരിപ്പിക്കുക.

**********************************************************************************

**<u>സന്തോഷ് ട്രോഫി</u>**

78-ാം മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം നാളെ ജമ്മു കശ്മീരിനെ നേരിടും. ഇന്ന് നടന്ന ആദ്യ ക്വാർട്ടറിൽ ഒഡീഷയ്ക്കെതിരെ പശ്ചിമ ബംഗാൾ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് വിജയിച്ചു. രാത്രി 7.30-ന് നടക്കുന്ന രണ്ടാം ക്വാർട്ടറിൽ ഡൽഹി, മണിപ്പൂരിനെ നേരിടും. നിലവിലെ ചാമ്പ്യന്മാരായ സർവീസസും, മേഘാലയുമായുള്ള ക്വാർട്ടർ മത്സരം നാളെ വൈകുന്നേരം നടക്കും.

RNU TVPM

**********************************************************************************

**<u>ക്രിക്കറ്റ്</u>**

മെൽബണിൽ നടക്കുന്ന ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഓസിസ് 6 വിക്കറ്റ് നഷ്ടത്തിൽ 311 റൺസ് നേടി. ടോസ് നേടിയ ഓസ്ട്രേലിയ ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതമാണ് വിജയിച്ചിരിക്കുന്നത്. ഒരു മത്സരം സമനിലയിൽ പിരിയുകയായിരുന്നു.

**********************************************************************************

****************************

********